**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 413** **13-01-2021 - ൽ മറുപടിയ്ക്ക്**

**2019-20 സാമ്പത്തിക വർഷത്തെ നികുതി വരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
| (എ) | 2019-20 സാമ്പത്തിക വർഷം നികുതി ഇനത്തിൽ എത്ര കോടി രൂപ പിരിച്ചെടുക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത്; | (എ) | 2019-20 സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനമായി 65,784.60/- കോടി രൂപ പിരിച്ചെടുക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത്. |
| (ബി) | പ്രസ്തുത സാമ്പത്തിക വർഷം നികുതി ഇനത്തിൽ ലഭ്യമായ വരുമാനം ഇനം തിരിച്ച് അറിയിക്കാമോ; | (ബി) | (Rs.in Crore) State Goods and Service Tax 20,446.95 Land Revenue 332.42 Stamps and Registration Fees 3,615.01 State Excise 2,255.28 Taxes on Sales, Trade etc. 19,649.64 Taxes on Vehicles 3,721.14 Taxes on Goods and Passengers, Other Taxes and Duties on Commodities and Services 39.31 Others 263.39 |
| (സി) | ലക്ഷ്യമിട്ടിരുന്ന നികുതി വരുമാനം ലഭിക്കാതിരുന്നത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കാമോ? | (സി) | കോവിഡ്-19 മൂലം മാർച്ച് 24 മുതൽ ലോക്ക്ഡൗൺ പ്രഖ്യാപിച്ചതിനാൽ ലൈസൻസ് പുതുക്കൽ നടപടികൾ ഭൂരിഭാഗവും 2020-21 വർഷത്തിലാണ് നടന്നത്. കൂടാതെ മദ്യശാലകൾ അടഞ്ഞുകിടന്നതുമൂലം മദ്യവില്പന കുറഞ്ഞതും എക്സൈസ് ഡ്യൂട്ടി അടവ് കുറഞ്ഞതും നികുതി വരുമാനം കുറയാൻ ഇടയാക്കി. 2019-ലെ ലോക് സഭ ഇലക്ഷൻ പ്രവർത്തനങ്ങളിൽ റവന്യൂ ജീവനക്കാർ ഏർപ്പെട്ടിരുന്നതും തുടർന്നുണ്ടായ മഹാ പ്രളയം മൂലം റവന്യൂ ജീവനക്കാർ ദുരതാശ്വാസ പ്രവർത്തനങ്ങളിലും ധനസഹായ വിതരണമുൾപ്പെടെയുള്ള അനുബന്ധ പ്രവർത്തികളിൽ ഏർപ്പെട്ടിരുന്നതിനാലും സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ ലാൻഡ് റവന്യൂ പിരിവിനെ കാര്യമായി ബാധിച്ചിരുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ നടന്ന ആധാര രജിസ്ട്രേഷനുകളുടെ എണ്ണത്തിലും കുറവുണ്ടായത് നികുതി വരുമാനത്തെ ബാധിച്ചു. |

സെക്ഷൻ ഓഫീസർ